SUNDAY 03-10-2021 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –03/10/2021

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും വിളകൾക്ക് മുന്തിയ വില ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്‌ക്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനുമായി പഴം പച്ചക്കറികൾ മറ്റു കാർഷിക വിഭവങ്ങൾ എന്നിവ സംഭരിച്ച് ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിച്ച് വിപണന ശൃംഖലയിലേക്ക് എത്തിക്കുന്നതിനുവേണ്ടി **താപനിയന്ത്രണ സൗകര്യമുളള വാൻ വാങ്ങുന്നതിനുളള പദ്ധതി** പ്രകാരം പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് 50% (പരമാവധി 4 ലക്ഷം രൂപ) ധനസഹായം നൽകുന്നു. സ്റ്റാർട്ട് അപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ / ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ /പഞ്ചായത്തുകൾ/ ഇക്കോഷോപ്പുകൾ/ഹോർട്ടികോർപ്പ് എന്നീ ഗുണഭോക്താക്കൾക്ക് 100 ശതമാനം (പരമാവധി 8 ലക്ഷം രൂപ) വരെ ധനസഹായം ലഭിയ്ക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

2. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് സംസ്ഥാന തലത്തിൽ **സൗരോർജത്തിൽ പ്രവർത്തിക്കുന്ന** ഒരു **പച്ചക്കറിവിൽപ്പന വാൻ** സജ്ജമാക്കുന്നതിന് ധനസഹായം നൽകുന്നു. 48 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. പ്രാദേശികമായി ലഭ്യമാകുന്ന പഴം പച്ചക്കറികളും മൂല്യവർധിത ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിയ്ക്കുന്നതിനായിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രാദേശിക സഹകരണ സംഘങ്ങൾ ഹോർട്ടികോർപ്പ്, വിഎഫ്പിസികെ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവർക്ക് അപേക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

3. കാർഷിക രംഗത്തെ സമഗ്ര പുരോഗതിക്കായി നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൂടി കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൻ പ്രകാരം ഡ്രിപ്പ്, സ്പ്രിങ്ക്ലർ തുടങ്ങിയ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷകൾ ക്ഷണിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിച്ചെലവിന്റെ അനുവദനീയമായ തുകയുടെ 80 ശതമാനവും മറ്റു കർഷകർക്ക് പദ്ധതിച്ചെലവിന്റെ 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും

ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ഇനി പറയുന്ന ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9 3 8 3 4 7 7 2 0 5 0 / 9 3 8 3 4 7 2 0 5 1 / 9 3 8 3 4 7 2 0 5 2

4. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണവകുപ്പ് സംസ്ഥാനമൊട്ടാകെ പശുക്കൾക്കും എരുമകൾക്കും കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. ഒക്ടോബർ 5 മുതൽ നവംബർ 3 വരെ നടത്തുന്ന ഈ കുളമ്പുരോഗ നിവാരണ യജ്ഞക്കാലയളവിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൌജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ നിന്നും രോഗവിമുക്തമായ തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ മുൻകൂർ പണമടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രോഗവിമുക്തമായ ഒരു ഇന്ത്യൻ തേനീച്ച കോളനിക്ക് 1400/- രൂപയാണ് സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന വില. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ പണമടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടുന്ന ഫോൺ നമ്പർ: 09744660642, 08547109186

6. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ 9 മീറ്റർ x 6 മീറ്റർ വലുപ്പത്തിലുളള പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് രണ്ട് ലക്ഷം രൂപയും കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടു കൂടിയ 9 മീറ്റർ x 18 മീറ്റർ വലുപ്പത്തിലുളള സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 25 ലക്ഷം രൂപയും, പ്രീ കൂളിംഗ് യൂണിറ്റുകൾക്ക് (6 മെട്രിക് ടൺ) സമതല പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും, ശീതീകരണ മുറികൾക്ക് (30 മെട്രിക് ടൺ) യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും, മൊബൈൽ ശീതീകരണ ശാലകൾക്ക് യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആര്യ പദ്ധതിയിൽ ഉൾപ്പെടുത്തി **കൂൺകൃഷി, ചെറു തേനീച്ച വളർത്തൽ, ഇന്ത്യൻ തേനീച്ച വളർത്തൽ, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങളുടെ സംസ്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും, നഴ്സറി പരിപാലനം** മുതലായ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കണ്ണൂർ ജില്ലയിലെ 40 വയസ്സിനു താഴെയുള്ള കർഷകർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **0460 -2226087, 8547675124** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 13 ന് (13.10.2021) **തീറ്റപ്പുൽ കൃഷി'** എന്ന വിഷയത്തിലും 29 ന് (29.10.2021) **താറാവ് വളർത്തൽ** എന്ന വിഷയത്തിലും സൗജന്യ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ **04829 234323** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12,13 (12.10.2021, 13.10.2021) തീയതികളിൽ **എരുമ വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം